**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 232** **07-10-2024 - ൽ മറുപടിയ്ക്ക്**

**എംപോക്സ് വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | എംപോക്സ് രോഗത്തിന്റെ വ്യാപനം തടയാൻ സംസ്ഥാനത്ത് എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എംപോക്സ് രോഗ വ്യാപനം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | എംപോക്സ് സംസ്ഥാനത്ത് എവിടെയെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ? | (ബി) | സംസ്ഥാനത്ത് എംപോക്സ് റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ വിശദാംശം **അനുബന്ധം 2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## എംപോക്സ് രോഗബാധയ്ക്കെതിരെ സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ

- പ്രവാസികളായ ആളുകൾ നാട്ടിലേയ്ക്ക് തിരിച്ചെത്തുമ്പോൾ അടുത്ത 21 ദിവസങ്ങളിൽ ലക്ഷണം പ്രകടിപ്പിക്കുകയാണെങ്കിൽ ആരോഗ്യ സ്ഥാപനവുമായി ബന്ധപ്പെടണമെന്ന സന്ദേശം വ്യാപകമായി നൽകിയിട്ടുണ്ട്. എംബസികൾ വഴിയും ഈ സന്ദേശം നൽകിയിട്ടുണ്ട്.
- രോഗം കണ്ടെത്തിയാൽ രോഗാവസ്ഥയിൽ രോഗിയുമായി സമ്പർക്കപ്പെട്ടിട്ടുള്ള കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ വിമാനം ഉൾപ്പെടെ സഞ്ചരിച്ച വാഹനങ്ങളിൽ ഉള്ള യാത്രക്കാർ, തുടങ്ങിയവരെ കാര്യം അറിയിക്കുകയും നിലവിലുള്ള മാനദണ്ഡമനുസരിച്ച് സ്വയം നിരീക്ഷണത്തിൽ പോകാൻ ആവശ്യപ്പെടുകയും ചെയ്തു വരുന്നു.
- ഐ എം എ, ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്, ഡെർമറ്റോളജിസ്റ്റുകൾ ആയ ഡോക്ടർമാരുടെ സംഘടനകൾ എന്നിവയുടെ സഹായത്തോടെ ഡോക്ടർമാർക്ക് പൊതുവേയും സ്കിൻ സ്പെഷ്യലിസ്റ്റുകൾക്കും പീഡിയാട്രീഷ്യൻമാർക്കും പ്രത്യേകിച്ച് ട്രെയിനിംഗുകൾ നടന്നു വരുന്നുണ്ട്.
- വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ എംപോക്സ് PHEIC ആയി പ്രഖ്യാപിച്ചതിനെ തുടർന്ന് സെൻട്രൽ സർവയലൻസ് യൂണിറ്റ് ഓഗസ്റ്റ് 18 ന സ്റ്റേറ്റ് സർവെയലൻസ് ഓഫീസേഴ്സിന്റെ ഓൺ ലൈൻ യോഗം ചേരുകയും നിലവിലെ എംപോക്സ് പ്രതിരോധ മാർഗനിർദേശങ്ങൾ തുടർന്നും ശക്തിപ്പെടുത്താൻ നിർദേശം നൽകുകയും ചെയ്തു.
- ഓഗസ്റ്റ് 21 ന സ്റ്റേറ്റ് സർവെയലൻസ് ഓഫീസർ 14 ജില്ലകളിലെയും ജില്ലാ സർവെയലൻസ് ഓഫീസർമാരുടെയും വിമാനത്താവളം, തുറമുഖം എന്നിവയുള്ള നാല് ജില്ലകളുടെ APHO മാരുടെയും (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ) ഓൺലൈൻ യോഗം വിളിക്കുകയും മറ്റു രാജ്യങ്ങളിൽ നിന്ന് വരുന്ന യാത്രക്കാരുടെ ശരീര ഊഷ്മാവ് പരിശോധിക്കുന്നതിനും, ഏതെങ്കിലും തരത്തിലുള്ള രോഗലക്ഷണങ്ങൾ ഉള്ളവർക്ക് സ്വയം റിപ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ വിമാനത്താവളത്തിൽ ഒരുക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദേശിച്ചു.
- 14 ജില്ലകളിലും ജില്ലാ സർവെയലൻസ് ഓഫീസർമാരെ എംപോക്സ് പ്രതിരോധ ഓഫീസർമാരായി നിയോഗിച്ചു. കൂടാതെ ഓരോ ജില്ലയിലും രോഗ ലക്ഷണങ്ങളുള്ളവരെ ഐസൊലേറ്റ് ചെയ്യുന്നതിനായുള്ള ഐസൊലേഷൻ സ്ഥാപനങ്ങളും അവയുടെ നോഡൽ ഓഫീസർമാരെയും നിയോഗിച്ചു.
- രോഗികളെ മാറ്റുന്നതിനുള്ള ആംബുലൻസ്, ലാബ് ടെസ്റ്റിനുള്ള സൗകര്യങ്ങൾ എന്നിവയും ഉറപ്പു വരുത്തിയിട്ടുണ്ട്
- നിലവിൽ 16/09/2022-ലെ G.O(Rt)No 2248/2022/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള എംപോക്സ് പ്രതിരോധ മാർഗനിർദേശങ്ങളും കേന്ദ്ര സർവെയലൻസ് യൂണിറ്റിന്റെ പുതിയ അഡ്വൈസറിയും ഏകോപിപ്പിച്ചു കൊണ്ടാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നത്.
- 13/9/2024 ന് ദുബായിൽ നിന്നും വന്ന ഒരു വ്യക്തി പനി, ശരീരത്തിൽ പാടുകൾ എന്നീ ലക്ഷണങ്ങളോടെ 16/9/2024 ന മഞ്ചേരി മെഡിക്കൽ കോളേജിൽ എത്തുകയും 16-ന തന്നെ അദ്ദേഹത്തിന്റെ സാംപിളുകൾ ടെസ്റ്റിന് വിടുകയും അദ്ദേഹത്തിനെ ഐസൊലേഷൻ ചെയ്യുകയും ചെയ്തു. പോസിറ്റീവ് റിസൾട്ട് വന്നതോടെ സമ്പർക്കപ്പട്ടിക തയ്യാറാക്കുകയും സമ്പർക്കമുണ്ടായവരെ നിരീക്ഷിക്കുന്നതിനുള്ള ചുമതല ജില്ലകൾക്ക് നൽകുകയും ചെയ്തു. മലപ്പുറത്ത് ഒരു പ്രത്യേക സെൽ ആരംഭിച്ചു. സ്റ്റേറ്റ്, ജില്ലാ RRT കൾ അടിയന്തര തീരുമാനങ്ങൾ കൈക്കൊണ്ടു. ലക്ഷണങ്ങളുള്ളവരെ ഐസൊലേറ്റ് ചെയ്യുകയും ടെസ്റ്റിംഗ് നടത്തുകയും ചെയ്തു. രോഗിക്ക് ചികിത്സ നൽകി വരുന്നു. ക്രമീകൃതമായി സാമ്പിൾ ടെസ്റ്റും നടത്തി വരുന്നു.
- 24.9.2024 ന കൊച്ചിയിലെത്തിയ ദുബായിൽ നിന്നുള്ള വ്യക്തി രോഗലക്ഷണങ്ങളോടെ രാജഗിരി ആശുപത്രിയിൽ എത്തുകയും ഐസൊലേഷനിൽ തുടരുകയും ചെയ്തു. അദ്ദേഹത്തിന്റെ റിസൾട്ട് പോസിറ്റീവ് ആയതിനാൽ സമ്പർക്ക പട്ടിക തയ്യാറാക്കി വിവിധ ജില്ലകളിലെ സമ്പർക്കമുണ്ടായവരെ നിരീക്ഷിച്ചു വരുന്നു. മാസ്ക്

ധരിക്കുന്നതിനും, കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുന്നതിനും, അകലം പാലിക്കുന്നതിനുമുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

- കൂടുതൽ രോഗികൾ മറ്റു രാജ്യങ്ങളിൽ നിന്നും വരുന്ന പക്ഷം ഐസൊലേഷൻ കിടക്കകളും ലാബ് ടെസ്റ്റിംഗും സുസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- IEC പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.
- PHYSICIANS, മെഡിക്കൽ ഓഫീസേഴ്സ്, മറ്റു ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് ട്രെയിനിങ് നൽകി.
- ടാർഗെറ്റഡ് സർവേയ്‌ലൻസ്-ഐസിടി സി സെന്റർസിൽ ശക്തമാക്കി
- ഹോസ്പിറ്റൽ ബേസ്ഡ് സർവേയ്‌ലൻസ്-ഡർമറ്റോളജി, STD ക്ലിനിക്, CASUALITIES എന്നിവിടങ്ങളിലും നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്.
- സംസ്ഥാനതല ദ്രുതപ്രതികരണ സംഘം 27.09.2024 ന് ആരോഗ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

അനുബന്ധം 2

**എംപോക്സ് റിപ്പോർട്ട് ചെയ്തിട്ടുള്ള ജില്ല തിരിച്ചുള്ള വിവരങ്ങൾ**

| **ജില്ല** | **2022** | **2023** | **2024** |
|---|---|---|---|
| കൊല്ലം | 1 | 0 | 0 |
| തൃശ്ശൂർ | 1 (death) | 1 | 1 |
| മലപ്പുറം | 4 | 2 | 1 |
| കണ്ണൂർ | 1 | 0 | 0 |
| കാസറഗോഡ് | 1 | 0 | 0 |
| കോട്ടയം | 0 | 1 | 0 |
| കോഴിക്കോട് | 0 | 1 | 1 |
| എറണാകുളം | 0 | 0 | 1 |
| **ആകെ** | **8** | **5** | **4** |

സെക്ഷൻ ഓഫീസർ